പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :160 25/03/13-ൽ മറുപടിക്ക്

## മത്സ്യഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>,, എസ്. ശർമ്മ :<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) :<br>,, ബി. സത്യൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി ) : |
| (എ) മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വിവേക പൂർണ്ണമായ ചൂഷണവും ഉറപ്പ് വരുത്തുന്നതിനും തയ്യാറാകുമോ; | (എ) & (ബി) മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | കേരളത്തിലെ ഉൾനാടൻ മൽസ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് കേരളത്തിലെ 14 ജില്ലകളിലെ 887 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ശുദ്ധജല/ഓരുജല പ്രദേശങ്ങളിൽ മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി 194.17 കോടി രൂപ മൊത്ത അടങ്കലും 12000 ഹെക്ടർ കൃഷി വ്യാപനവും 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കലും,ഉല്പാദന വർദ്ധനവും കൃഷി രീതിയിലേയും മത്സ്യ ഇനങ്ങളിലേയും വൈവിധ്യവൽക്കരണവും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു<br><br>കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലേയും, കോൾ പാടങ്ങളിലേയും മത്സ്യ/ചെമ്മീൻ കൃഷി/സംയോജിത മത്സ്യകൃഷി,പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യകുളങ്ങളിലേയും ചെമ്മീൻ കൃഷി,കരിമീൻ വിത്തുല്പാദന-വില്പന യൂണിറ്റുകൾ,കുളത്തിലെ കരിമീൻ കൃഷി,കൂടുകളിലെ കരിമീൻ കൃഷി,ഞണ്ട്/കല്ലുമ്മേക്കായ കൃഷി,പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ,അടുക്കള കുളങ്ങൾ,മത്സ്യകൃഷി പരിപാലന/ബോധവൽക്കരണ പരിപാടികൾ സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച കർഷർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, കർഷർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ എന്നിവയാണ് മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യ സമൃദ്ധി പദ്ധതി വഴി നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങൾ.മത്സ്യ |

സംരക്ഷണത്തിനും വിവേകപൂർണ്ണമായ ചൂഷണം ഉറപ്പുവരുത്തുന്നതിനുമാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും മത്സ്യസമൃദ്ധി പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്.

മത്സ്യ ഉല്പാദനംവർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുമായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഫിർമ മുഖേന നടപ്പാക്കി വരുന്നു.

കേരളത്തിന്റെ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ടും വിവിധ പദ്ധതികൾ അഡാക്ക് മുഖേനയും നടപ്പിലാക്കി വരുന്നു.

| | | |
|---|---|---|
| (സി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് വിഘാതമായിട്ടുള്ള പ്രമുഖ ഭീഷണികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രതിവിധികൾ എന്തൊക്കെയാണ് ? | (സി) ജലമലിനീകരണം,കണ്ടൽ കാടുകളുടെ നശീകരണം, പാലങ്ങളുടെ നിർമ്മാണം, മണൽ വാരൽ, മത്സ്യബന്ധന യൂണിറ്റുകളുടെ ക്രമാതീതമായ ആധിക്യം,അശാസ്ത്രീയ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ അധിക ചൂഷണം, മണ്ണ് നീക്കം ചെയ്യൽ തുടങ്ങിയവ മത്സ്യസംരക്ഷണത്തിന് വിഘാതമായി കാണുന്നു.മത്സ്യ ആവാസത്തിന് വ്യതിയാനം ഉണ്ടാക്കുന്ന മനുഷ്യന്റെ പ്രവൃത്തികൾ, നദീ ജല മലിനീകരണം,അനധികൃത മത്സ്യബന്ധന രീതികൾ, (തോട്ടപൊട്ടിക്കൽ, വിഷം കലർത്തൽ, വൈദ്യുത ചൂണ്ട ഉപയോഗിക്കൽ,കണ്ണിവലുപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ചുള്ള മത്സ്യകൊയ്ത്ത് മുതലായവ) ബാക്ടീരിയ/വൈറസ് മുഖേനയുള്ള രോഗങ്ങൾ എന്നിവയാണ് മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് വിഘാതമായിട്ടുള്ള പ്രമുഖ ഭീക്ഷണികളിൽ ചിലത്. വെള്ളായണി കായലിൽ അഡാക്ക് നടപ്പിലാക്കുന്ന "വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യ തൊഴിലാളി ഉപജീവനം മെച്ചപ്പെടുത്തലും" പദ്ധതിയിൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി കായലിലെ 5 ഹെക്ടറോളം വിസ്തൃതി മുളകൊണ്ട് തിരിച്ച് മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമാക്കി മത്സ്യബന്ധന നിരോധിത മേഖലയായി പ്രഖ്യാപിക്കുവാനായി 12.75 ലക്ഷം രൂപ മുതൽ മുടക്കി മത്സ്യസങ്കേതം സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളിക്ക് കണ്ണിവലിപ്പം കുറഞ്ഞ വലകൾ ഉപയോഗിക്കരുതെന്ന നിർദ്ദേശം നൽകാറുണ്ട്. കായൽ മലിനീകരിക്കപ്പെടുന്നതിന്റെ ദോഷവശങ്ങളെക്കുറിച്ച് തദ്ദേശീയവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി വിവിധ ബോധവൽകരണ പരിപാടികൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ